**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.43** **02.03.2020-ൽ മറുപടിക്ക്**

**കെ.എ.പി അഞ്ചാം ബറ്റാലിയനിലെ നിയമനം**

**ചോദ്യം**
**ശ്രീ.ആർ. രാമചന്ദ്രൻ**

**ഉത്തരം**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | കേരള പോലീസിൽ കെ.എ.പി. അഞ്ചാം ബറ്റാലിയനിലേക്ക് നിയമനം നൽകുന്നതിനുവേണ്ടിയുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (എ) | 01.07.2019 മുതൽ പ്രാബല്യത്തിലുണ്ട്. |
| (ബി) | ഇതിൽ മെയിൻ ലിസ്റ്റിലും സപ്ലിമെന്ററി ലിസ്റ്റിലും എത്ര പേർ വീതം ഉൾപ്പെട്ടിരിക്കുന്നുവെന്നും ഇത് എന്ന് നിലവിൽ വന്നുവെന്നും ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | മെയിൻ ലിസ്റ്റിൽ 958 ഉദ്യോഗാർത്ഥികളും, സപ്ലിമെന്ററി ലിസ്റ്റിൽ 441 ഉദ്യോഗാർത്ഥികളും ഉൾപ്പെട്ടിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വന്ന 01.07.2019 മുതൽ ഒരു വർഷം വരെയാണ് കാലാവധി. |
| (സി) | ഇപ്പോൾ നിലവിലിരിക്കുന്ന റാങ്ക് ലിസ്റ്റിന് മുമ്പ് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ നിയമനം സംബന്ധിച്ച് ഏതെങ്കിലും കേസ് ഫയൽ ചെയ്തിട്ടുണ്ടോ; കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; | (സി) യും (ഡി) യും | റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശിപാർശ , നിയമനം എന്നിവ സ്റ്റേ ചെയ്തിട്ടുണ്ട്. |
| (ഡി) | കെ.എ.പി. അഞ്ചാം ബറ്റാലിയനിലേക്കുള്ള സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും വേഗത്തിൽ നിയമന ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ